| 05-04-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - മറ്റുളളവർക്ക് മനസ്സിലാക്കി കൊടുക്കുവാനുള്ള സേവനം ചെയ്തുകൊണ്ടിരിക്കൂ, ജ്ഞാനധനത്തെ ദാനം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അപാര സന്തോഷമുണ്ടായിരിക്കും, സർവ്വരുടെയും ആശീർവ്വാദം ലഭിക്കും, ബാബയെ ഓർമ്മിക്കാൻ മറക്കില്ല.**

**ചോദ്യം** - ബാബ നിങ്ങൾ കുട്ടികളെ എന്തിനാണ് ആത്മീയ ഡ്രിൽ പഠിപ്പിക്കുന്നത്?
**ഉത്തരം** - ഗുസ്തിക്കാരനായിത്തീരുവാൻ. എത്രയും നിങ്ങൾ ബാബയുടെ ഓർമ്മയിലിരിക്കുന്നുവോ, പഠിപ്പിൽ ശ്രദ്ധ നൽകുന്നുവോ അത്രയും നിങ്ങളിൽ ശക്തി നിറയുന്നു. ഈ ബലത്തിലൂടെയാണ് നിങ്ങൾ മായയുടെ മേൽ വിജയം പ്രാപ്തമാക്കുന്നത്. നിങ്ങൾ സ്ഥൂലമായ ആയുധങ്ങളൊന്നും തന്നെ പ്രയോഗിക്കുന്നില്ല. സ്വദർശന ചക്രത്തിലൂടെ മായയുടെ കഴുത്ത് അറക്കുകയാണ് - ഇത് അഹിംസകമായ യുദ്ധമാണ്.

**ഗീതം** - കുട്ടിക്കാലത്തെ ദിനങ്ങൾ മറക്കരുത്.....

**ഓംശാന്തി.** കുട്ടികൾക്ക് ഈ പാട്ടിന്റെ അർത്ഥം മനസ്സിലായിട്ടുണ്ടാകും. ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമല്ലേ. ഇങ്ങനെയുള്ള പാട്ടുകളെല്ലാം ബാബ കുട്ടികൾക്കായി ഉണ്ടാക്കിച്ചതാണ്. ബാബ കുട്ടികളോട് പറയുന്നു, പരിധിയില്ലാത്ത മാതാ-പിതാവിന്റേതായി മാറി പിന്നീട് മറക്കരുത്. ഈ യാത്ര വളരെയധികം ദീർഘമാണ്. യാത്രയിൽ ഓർമ്മിച്ചുകൊണ്ടിരിക്കണം. മാതാ-പിതാവെന്നു പറയുന്നു എങ്കിൽ തീർച്ചയായും പിതാവിനെ ഓർമ്മിക്കണം. എല്ലാവർക്കും മാതാപിതാവിന്റെ ഓർമ്മയാണ് ആദ്യമുണ്ടാവുക, പിന്നീട് സമ്പത്തിനായി പിതാവിന്റെ ഓർമ്മയുണ്ടാകുന്നു. ദൈവീക സ്വരാജ്യം നിങ്ങളുടെ ജന്മസിദ്ധമായ അവകാശമാണെന്ന് എഴുതപ്പെട്ടിട്ടുണ്ട്. പരമപിതാവായ പരമാത്മാവ് വിശ്വത്തിന്റെ മുഴുവൻ രചയിതാവാണ്, അപ്പോൾ തീർച്ചയായും പുതിയ ലോകമാകുന്ന സ്വർഗ്ഗത്തെയാണ് രചിക്കുന്നത്. അച്ഛൻ ഒരിക്കലും ഞാൻ പഴയ വീട് ഉണ്ടാക്കിത്തരാം എന്ന് മക്കളോട് പറയില്ലല്ലോ. എപ്പോഴും പുതിയ ഭവനം മാത്രമേ പണിയൂ. പഴയത് ഉണ്ടാക്കുക എന്ന വാക്കേ വരികയില്ല. പരിധിയില്ലാത്ത അച്ഛനും പുതിയ ലോകമാണ് പണിയുന്നത്. ഇപ്പോൾ കുട്ടികൾക്കറിയാം നമ്മൾ മാതാപിതാവിൽ നിന്നും സമ്പത്ത് നേടുവാനായി ശ്രീമത പ്രകാരം മുന്നേറുകയാണ്. ഇത് ബുദ്ധിയുടെ യാത്രയാണ്. മറ്റു ഭൗതിക യാത്രകൾ ജന്മ-ജന്മാന്തരങ്ങളായി ചെയ്തു വന്നു, ഇടയ്ക്കിടെ ചെയ്തുകൊണ്ടുമിരിക്കുന്നുണ്ട്. ഈ ആത്മീയ യാത്ര ഒരു തവണ മാത്രമേ ഉണ്ടാകുന്നുള്ളൂ. അപ്പോൾ യാത്രക്കാർക്ക് വഴികാട്ടിയെ ഒരിക്കലും മറക്കാനാകില്ല. അഥവാ കുട്ടികൾക്ക് മാതാപിതാവിനെ ഒരിക്കലും മറക്കാനാകില്ല. നിങ്ങൾ പാണ്ഡവ സൈനികരാണ്, പരമമായ വഴികാട്ടി ശിവബാബയാണ്. നിങ്ങൾ അവരുടെ മക്കളാണ്. ബദ്രിനാഥിലോ, അമർനാഥിലോ പോകുമ്പോൾ ബുദ്ധിയിൽ യാത്രയെക്കുറിച്ച് മാത്രമായിരിക്കും ചിന്തയുണ്ടാകുന്നത്. എങ്ങനെയാണോ വിദേശത്തു നിന്നും തിരികെ വരുന്നയാൾക്ക് തന്റെ ജന്മസ്ഥലത്തിന്റെ ഓർമ്മ മാത്രം ഉണ്ടാകുന്നത് അതുപോലെ, ഞാൻ വീട്ടിലേക്ക് പോവുകയാണ് എന്ന സന്തോഷമായിരിക്കും. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ നമ്മുടെ പരിധിയില്ലാത്ത വീടായ മധുരമായ ശാന്തിധാമത്തിലേക്ക് പോവുകയാണ്. അതിനാൽ തീർച്ചയായും വികർമ്മാജീത്തായി മാറണം. ഇത് ബാബ തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. ഓർമ്മയിലൂടെയോ യോഗത്തിലൂടെയോ അല്ലാതെ നിങ്ങളുടെ വികർമ്മം നശിക്കുകയില്ല. യോഗത്തിന് ധാരാളം മഹിമയാണ്. പ്രാചീന ഭാരതത്തിലെ യോഗത്തിന് മഹത്വമുണ്ട്. സത്യയുഗം പുതിയ ലോകമാണ്. അപ്പോൾ ഈ സമയത്ത് പഴയ ലോകത്തിൽ പഴയ യോഗമാണ് പഠിപ്പിക്കുന്നത്. ബാബ ഈ യോഗം പഠിപ്പിച്ച് പോകുന്നു, പിന്നീട് ഭക്തി മാർഗ്ഗം ആരംഭിക്കുന്നു. പ്രാചീന യോഗം മറ്റൊരു മനുഷ്യന് നമുക്ക് പഠിപ്പിച്ച് തരാൻ സാധിക്കില്ല. മറ്റെല്ലാ പ്രകാരത്തിലുള്ള യോഗവും മനുഷ്യർ മറ്റുള്ള മനുഷ്യർക്ക് പഠിപ്പിച്ചു കൊടുക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം എല്ലാവരുടെയും സത്യം സത്യമായ അച്ഛൻ ഒരാളാണ്. എല്ലാവരുടെയും മാതാവ് ജഗദംബയുമാണ്. എല്ലാവരും പിതാവിനെ വിളിച്ചുകൊണ്ടിരിക്കുന്നുണ്ട്. നഗരസഭയിലെ ചെയർമാനെപ്പോലും പിതാവ് എന്നു വിളിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ധാരാളം ഫാദറാകുന്നു. എന്നാൽ ഗോഡ്ഫാദർ ഒന്ന് മാത്രമാണ്. അവർ രചയിതാവാണ്. സൃഷ്ടിയും ഒന്നുമാത്രമാണ്. അല്ലാതെ മുകളിലും താഴെയുമെല്ലാം സൃഷ്ടിയുണ്ടെന്നല്ല. ചന്ദ്രനിലേക്കും നക്ഷത്രങ്ങളിലേക്കും പോയി ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി മനുഷ്യർ എത്രയാണ് പ്രയത്നിക്കുന്നത്. എപ്പോഴാണോ അതിയിലേക്ക് പോകുന്നത്, അപ്പോൾ വിനാശം സംഭവിക്കുന്നു. എത്ര തന്നെ അവർ പ്രയത്നിക്കുകയാണെങ്കിലും വിനാശം ഉറപ്പാണ്.

ഇപ്പോൾ ബാബ പറയുന്നു, എന്റെ ഓമനകളായ കുട്ടികളേ, കുട്ടിക്കാലത്തെ ഒരിക്കലും മറക്കരുത്. ഇവിടെ ആദ്യം അച്ഛന്റെ കുട്ടിയായിത്തീരണം. ആ അച്ഛൻ തന്നെയാണ് ടീച്ചറായും മാറുന്നത്. സമ്പത്ത് നൽകുന്നത് ഒരേയൊരു ബാബയാണ്. സന്യാസിമാർക്കാണെങ്കിൽ മാതാവും പിതാവുമൊന്നുമില്ലല്ലോ. അതിനാൽ സമ്പത്ത് ലഭിക്കുന്നില്ല. ലൗകിക പിതാവിൽ നിന്നും എല്ലാവർക്കും സമ്പത്ത് ലഭിക്കുന്നു. പാര ലൗകിക പിതാവ് ഒന്ന് മാത്രമാണ്, അവരെ രചയിതാവെന്നാണ് പറയുന്നത്. ബാബ പറയുന്നു, ഞാൻ മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്. എന്റെ മഹിമയാണ് പാടുന്നത്. സത്-ചിത്ത്-ആനന്ദസ്വരൂപം. ബാബ യുടെ മഹിമ തികച്ചും വേറിട്ടതാണെന്ന് അറിയാമല്ലോ. മറ്റാർക്കും അങ്ങനെയുള്ള മഹിമയില്ല. വിശ്വ ത്തിന്റെ അധികാരിയായ ലക്ഷ്മി-നാരായണന്റെ മഹിമ വ്യത്യസ്തമാണ്. അവരുടെ മഹിമയാണ് സർവ്വ ഗുണ സമ്പന്നൻ, അഹിംസാ പരമോധർമ്മം, മര്യാദാ പുരുഷോത്തമൻ... ആദ്യ നമ്പറിലെ മഹിമ സ്വർഗ്ഗ ത്തിലെ മഹാരാജാ-റാണിയായ ലക്ഷ്മി-നാരായണനാണ്, കാരണം അവരുടെ രാജ്യം തന്നെ അങ്ങനെ യാണ്. യഥാ രാജാ-റാണി തഥാ പ്രജ. അവിടെ ദു:ഖത്തിന്റെ പേരോ അടയാളമോ ഇല്ല. പ്രജകൾക്കു പോലും ദു:ഖമില്ല. ഇങ്ങനെയൊരു ലോകം തീർച്ചയായും പരമപിതാവായ പരമാത്മാവ് മാത്രമേ രചിക്കൂ. അവരെത്തന്നെയാണ് സ്വർഗ്ഗസ്ഥനായ പിതാവെന്നു പറയുന്നത്. ഇംഗ്ലീഷിൽ ഹെവൻ എന്ന വാക്ക് പറയു ന്നുണ്ടെങ്കിലും ഹെവൻ അർത്ഥം സ്വർഗ്ഗം എന്താണെന്നു പോലും ആർക്കും അറിയുന്നില്ല. ഭാരതം ആദ്യം സ്വർഗ്ഗമായിരുന്നു. ഭാരതത്തിന് വളരെ ഉയർന്ന മഹിമയാണ്. നിങ്ങളുടെ ശത്രു രാവണനാണ്. നിങ്ങളുടെ പരിധിയില്ലാത്ത രാജ്യം നഷ്ടപ്പെടുത്തിയതും ഈ മായയാകുന്ന ശത്രുവാണ്. അരക്കല്പത്തോളമായി നിങ്ങൾ രാജ്യം നഷ്ടപ്പെടുത്തി. നഷ്ടപ്പെടുത്തിക്കൊണ്ട് നിങ്ങൾ തീർത്തും ദരിദ്രരായി. പിന്നീട് നിങ്ങൾക്ക് തന്നെയാണ് രാജ്യ ഭാഗ്യം ലഭിക്കുന്നത്. നിങ്ങളെത്തന്നെയാണ് ഹീറോ-ഹീറോയിൻ എന്നു പറയുന്നത്. ഒരു ഹീറോ-ഹീറോയിനും അവരുടെ വംശാവലികളുമാണ്, നിങ്ങളെല്ലാവരും ഹീറോ-ഹീറോയിനായി മാറുന്നു, അതായത് മുഴുവൻ വിശ്വത്തിലും നിങ്ങൾ വിജയം പ്രാപ്തമാക്കുന്നു. നിങ്ങൾ ഈ സമയം ഹീറോ-ഹീറോയിന്റെ പാർട്ടാണ് അഭിനയിക്കുന്നത്. മുഴുവൻ വിശ്വത്തിലും വെച്ച് ബാബ നിങ്ങൾ കുട്ടി കൾക്ക് ഹീറോ-ഹീറോയിന്റെ ടൈറ്റിലാണ് നൽകുന്നത്. നിങ്ങൾ ശിവശക്തി സൈന്യമാണ്. നിങ്ങൾക്ക റിയാം നമ്മൾ യോഗബലത്തിലൂടെയാണ് സ്വർഗ്ഗമുണ്ടാക്കുന്നത്. പിന്നീട് സ്വർഗ്ഗത്തിൽ നമ്മൾ രാജ്യം ഭരി ക്കുന്നു. എന്നാൽ മായ നിങ്ങളെ മറപ്പിക്കുന്നു. എങ്ങനെയാണോ സെക്കന്റിൽ മുക്തി-ജീവന്മുക്തി ലഭി ക്കുന്നത്, അതുപോലെ മായയും സെക്കന്റിൽ മറപ്പിക്കുന്നു. ജീവന്മുക്തിയോട് വിടപറഞ്ഞ് സെക്കന്റിൽ മരിക്കുന്നവരുണ്ട്. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നുണ്ട്, കുട്ടികളേ ഈ ജീവിത യാത്ര വളരെ നീളമേറിയതാണ്. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ അന്തിമതി സൊ ഗതിയായിത്തീരുന്നു. ഏതൊരു മാതാപിതാവിൽ നിന്നാണോ നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്, അവരിൽ നിന്നും മുഖം തിരിക്കുകയാണെങ്കിൽ മറുവശത്തേക്ക് പോകുന്നു. കുട്ടികൾ ലഖ്നൗ എന്ന സ്ഥലത്ത് മാന്ത്രിക കണ്ണാടി കണ്ടിരിക്കും. അതിന്റെ ഉള്ളിലേക്ക് പോയാൽ മനുഷ്യർ ആശയക്കുഴപ്പത്തിൽ പെട്ടു പോകും. ഇവി ടേയും അങ്ങനെത്തന്നെയാണ്. ബാബയെയും ബാബയുടെ വീടിനെയും മറക്കുന്നതിലൂടെ കഷ്ടപ്പെട്ട് തല കുനിഞ്ഞു പോകുന്നു. വഴി കാണിച്ചു തരുന്ന ആൾ മുകളിലുണ്ട്.

ബാബ പറയുന്നു, നിങ്ങളിപ്പോൾ ശ്രീമതമനുസരിച്ച് മായയുടെ മേൽ വിജയം പ്രാപ്തമാക്കുവാനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. അല്ലാതെ ഇന്ന് മാതാപിതാവെന്നു പറഞ്ഞ് നാളെ ഒരിക്കലും മറന്നു പോകരുത്. ഇവിടെ മറ്റെല്ലാ സംഗത്തെയും ഉപേക്ഷിച്ച് ഒരേയൊരു ബാബയുമായി യോജിപ്പിക്കണം. ബലിയർപ്പണമാകും, അവകാശിയാകും... എന്ന മഹിമയെല്ലാം ഭക്തിമാർഗ്ഗത്തിൽ പാടുന്നുണ്ട്. എന്നാൽ കൃഷ്ണന്റെ പേരാണ് പറയുന്നത്. വാസ്തവത്തിൽ കൃഷ്ണന്റെ കാര്യമേയല്ല. ഇത് രുദ്ര ജ്ഞാന യജ്ഞ മാണ്. രുദ്രനെന്നു പറയുന്നത് ശിവനെയാണ്. എന്നാൽ ഇത്ര ചെറിയ കാര്യം പോലും മനുഷ്യർ മനസ്സിലാ ക്കുന്നില്ല. ബ്രഹ്മാബാബ ഗീത ധാരാളം വായിച്ചതാണ്. എന്നാൽ ആദ്യം ഒന്നും തന്നെ മനസ്സിലായിരുന്നി ല്ല. ഇപ്പോൾ മനസ്സിലാകുന്നു, അതിൽ ഭഗവാനുവാച എന്നാണ് എഴുതിയിരിക്കുന്നത്. ഈ രുദ്ര ജ്ഞാന യജ്ഞത്തിലൂടെയാണ് വിനാശ ജ്വാല പ്രജ്വലിതമാകുന്നത്. രുദ്ര ജ്ഞാന യജ്ഞത്തെ പിന്നീട് കൃഷ്ണ യജ്ഞമെന്നാണ് പറയുന്നത്. രുദ്രനും കൃഷ്ണന്റെ അവതാരമാണെന്നു പറഞ്ഞ് കാര്യം തള്ളിക്കളയുന്നു. ഇപ്പോൾ ബാബ പറയുന്നു, ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു എങ്കിൽ തീർച്ചയായും രാജ്യം ഭരി ക്കാനായി പുതിയ സൃഷ്ടി ആവശ്യമാണ്. ദീപാവലിയ്ക്ക് ലക്ഷ്മിയെ ആഹ്വാനിക്കുമ്പോൾ എത്ര നല്ല രീതിയിലാണ് ശുദ്ധീകരിക്കുന്നത്. അത് ഭക്തിമാർഗ്ഗത്തിലെ ആചാര രീതിയാണ്. ഇവിടെ നിങ്ങൾ മനുഷ്യ നിൽ നിന്നും ദേവതയാകുമ്പോൾ, തീർച്ചയായും നിങ്ങൾക്ക് പുതിയ സൃഷ്ടി ആവശ്യമാണ്. അതിനായി ത്തന്നെയാണ് പഴയ സൃഷ്ടി നശിക്കുന്നത്. ഗീതയിൽ വളരെ വ്യക്തമായിത്തന്നെയുണ്ട്, രുദ്ര ജ്ഞാന യജ്ഞത്തിലൂടെ വിനാശ ജ്വാല പ്രജ്ജ്വലിക്കപ്പെടുന്നു. ബാബ പരിധിയില്ലാത്ത സൃഷ്ടി രചിക്കുന്ന ആളാ

ണ്. പറയുന്നു, കുട്ടികളേ, അച്ഛനായ എന്നെ നിങ്ങൾ മറക്കരുത്. ഇന്ന് ചിരിച്ചുകൊണ്ട് നാളെ അച്ഛനെ മറന്നാൽ കഴിഞ്ഞു. പിന്നീട് മുമ്പെങ്ങും കരയാത്ത രീതിയിൽ നിങ്ങൾക്ക് കരയേണ്ടതായി വരും. ചക്രവർത്തി പദവി നഷ്ടപ്പെട്ടാൽ വളരെ വലിയ നഷ്ടമാണ്. നഷ്ടമുണ്ടാകുന്ന മനുഷ്യരുടെ മുഖം മഞ്ഞളിച്ചു പോകുന്നു. അപ്പോൾ ബാബ പറയുന്നു, പാരലൗകിക അച്ഛനെയും സമ്പത്തിനെയും ഒരിക്കലും മറക്കരുത്. മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്ന സേവനം ചെയ്തു കൊണ്ടിരിക്കണം. സേവനത്തിൽ ബിസിയായിരിക്കുന്നതിലൂടെ ഒരിക്കലും മറക്കില്ല. അവിനാശി ധനം നൽകുകയാണെങ്കിൽ ഒരിക്കലും കുറയില്ല, എത്രത്തോളം ദാനം ചെയ്യുന്നുവോ അത്രത്തോളം സന്തോഷത്തിന്റെ അതിര് വർദ്ധിക്കുന്നു. മറ്റുള്ളവരുടെ ആശീർവ്വാദം നിങ്ങളുടെ ശിരസ്സിനു മുകളിലുണ്ടാകുന്നു. ആരാണോ നമുക്ക് സ്വർഗ്ഗത്തിലെക്കുള്ള വഴി പറഞ്ഞു തന്നത്, അങ്ങനെയുള്ള വഴികാട്ടിക്കു മുന്നിൽ സമർപ്പണമാകണമെന്നു പറയും. ഇവിടെ പ്രത്യക്ഷത്തിൽ നന്ദി അർപ്പിക്കേണ്ടത് ബാബയ്ക്കാണ്. ബാബ പറയുന്നു പരിധിയില്ലാത്ത ശാന്തി സദാകാലത്തേക്ക് നൽകുന്നത് ഞാനാണ്. ഒരിക്കലും ദു:ഖമോ അശാന്തിയോ ഉണ്ടാകാതിരിക്കാനുള്ള കർമ്മമാണ് ഞാൻ നിങ്ങളെ പഠിപ്പിക്കുന്നത്. കർമ്മത്തിന്റെ ഗതി അതി ഗഹനമാണ്. ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് കർമ്മം, അകർമ്മം, വികർമ്മം ഇവയുടെ രഹസ്യത്തെക്കുറിച്ചാണ് മനസ്സിലാക്കിത്തരുന്നത്. സത്യയുഗത്തിലെ കർമ്മം ഒരിക്കലും വികർമ്മമാകുന്നില്ല, അകർമ്മമാണ്, എന്തുകൊണ്ടെന്നാൽ അവിടെ മായാ രാവണനില്ല. ഇപ്പോൾ മായയുടെ രാജ്യമായതിനാൽ കർമ്മം വികർമ്മമാകുന്നു. ഇപ്പോൾ നിങ്ങൾ ഡ്രിൽ പഠിച്ച് നല്ലൊരു ഗുസ്തിക്കാരനായാണ് മാറുന്നത്. ഈ പഠിപ്പ് നിങ്ങൾക്ക് അന്തിമം വരെയ്ക്കും പഠിക്കണം. എത്രത്തോളം പഠിക്കുന്നുവോ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. അഭിവൃദ്ധിയുമുണ്ടാകുന്നു. ഓരോ മഠങ്ങളിലും പ്രസ്ഥാനങ്ങളിലും ആദ്യം ഒരാൾ വരുന്നു പിന്നീട് വൃദ്ധിയുണ്ടാകുന്നു. ഇന്നത്തെക്കാലത്ത് ലോകത്ത് ധാരാളം അന്ധവിശ്വാസമുണ്ട്. ഇവിടെ പഠിപ്പാണ് ഇവിടെ അന്ധവിശ്വാസമില്ല. മറ്റുളളവർ ഒരൊറ്റ പ്രഭാഷണത്തിലൂടെ തന്നെ എത്ര പേരെയാണ് ബൗദ്ധികളും ക്രിസ്ത്യാനികളുമാക്കി മാറ്റുന്നത്. പാതിരിമാരാണ് ധാരാളം പ്രഭാഷണങ്ങൾ നടത്തുന്നത്. ഇതിലൂടെ ധാരാളം പേർ ക്രിസ്ത്യാനികളാകുന്നു. ഇവിടെ അങ്ങനെയുള്ള കാര്യമില്ല. ഇവിടെ നിങ്ങൾക്ക് മായയുമായി യുദ്ധം ചെയ്യണം. ഇത് യുദ്ധസ്ഥലമാണ്. ഒരിക്കലും ഭഗവാൻ വന്ന് ഹിംസ പഠിപ്പിക്കില്ലല്ലോ. അഹിംസയുടെ ബലം വേണമെന്നാണ് പറയുന്നത്. ഹിംസകരായ മനുഷ്യർക്ക് ഒരിക്കലും അഹിംസ പഠിപ്പിക്കാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ബാബയിൽ നിന്നും സമ്പത്ത് നേടാനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. ഭക്തർ മാലയെ ജപിച്ചുകൊണ്ട് രാമ-രാമ എന്നു പറയുന്നു. ത്രേതായുഗം അന്തിമം വരെയും 16108 രാജകുമാരി-കുമാരന്മാർ ഉണ്ടാകുന്നു. ഇതിൽ മുഖ്യമായത് 8 പേരാണ്. അഷ്ട രത്നങ്ങൾക്ക് വളരെ മഹത്വമുണ്ട്. എന്നാൽ മനുഷ്യർക്ക് ഇതിന്റെ രഹസ്യത്തെക്കുറിച്ച് അറിയുന്നില്ല. അഷ്ട രത്നങ്ങൾ പാസ്സ് വിത്ത് ഓണറായി, ഒട്ടും ശിക്ഷകൾ അനുഭവിക്കാതെ പോകുന്നവരാണ്. ബാക്കി 100 പേർ കുറച്ചെങ്കിലും ശിക്ഷകൾ അനുഭവിക്കുന്നു. ബാബ പറയുന്നു, കുട്ടികളേ ഒരിക്കലും ക്ഷീണിക്കരുത്. അല്ലയോ രാത്രിയിലെ വഴി യാത്രികരേ, ഇപ്പോൾ നമ്മൾ രാത്രി മറികടന്ന് പകലിലേക്ക് പോകുകയാണ്. ബാബയും സംഗമത്തിലാണ് വരുന്നത്. അരക്കല്പത്തിലെ രാത്രി ഇപ്പോൾ പൂർത്തിയാകുമ്പോഴാണ് ബാബ വരുന്നത്, അതിനാലാണ് ശിവരാത്രി എന്നു പറയുന്നത്. ശിവബാബയുടെ ജാതകത്തെക്കുറിച്ച് നിങ്ങൾക്കല്ലാതെ മറ്റാർക്കും പറഞ്ഞു തരാൻ സാധിക്കില്ല. ബ്രഹ്മാവിന്റെ രാത്രിയും, പകലും പരിധിയില്ലാത്തതാണെന്ന് മഹിമയുണ്ട്. ഘോരാന്ധകാരത്തിൽ നിന്നും ഘോരമായ പ്രകാശമാണ് ഉണ്ടാകുന്നത്. ബാബ വരുന്നത് അന്തിമത്തിലാണ്, എപ്പോഴാണോ രാത്രി പൂർത്തിയായി പകൽ വരുന്നത്. അപ്പോൾ ബ്രഹ്മാവിന്റെ പരിധിയില്ലാത്ത രാത്രിയാണ്. ഇതെല്ലാം മനസ്സിലാക്കേണ്ടതായ കാര്യങ്ങളല്ലേ. ബാബ സ്വയം പറയുന്നു, ഞാൻ സാധാരണ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ഇവർക്ക് തന്റേതായ ജന്മങ്ങളെക്കുറിച്ച് അറിയുന്നില്ല, ബ്രഹ്മാവിനും, ബ്രഹ്മാകുമാരി-കുമാരന്മാർക്കും എത്ര ജന്മങ്ങളാണെന്ന് ഞാനാണ് പറഞ്ഞു തരുന്നത്. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം കല്പം മുമ്പുള്ളവർക്കേ മനസ്സിലാക്കാൻ സാധിക്കൂ. നമ്മളിപ്പോൾ ബാബയെ തിരിച്ചറിയുന്നതിലൂടെ ആസ്തികരായി മാറി. ബാബയിൽ നിന്നുമാണ് സമ്പത്ത് നേടുന്നത്.

ആത്മാക്കളുടെ പിതാവ് ഒന്നാണ്. ബ്രഹ്മാവും ശിവബാബയുടെ കുട്ടിയാണ്. ദത്തെടുക്കുകയല്ലേ. ബാബ സ്വയം പറയുന്നു, ഞാൻ ഇവരിൽ പ്രവേശിക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം മറ്റാർക്കും പറയാനും സാധിക്കില്ല. ബാബ പറയുന്നു, എന്റെ ഓമന കുട്ടികളേ, ബാബയെ ഒരിക്കലും മറക്കരുത്. മറന്നു എങ്കിൽ സ്വർഗ്ഗീയ സമ്പത്ത് നഷ്ടപ്പെടും. പിന്നീട് കരയേണ്ടതായി വരുന്നു. പിന്നീട് കല്പകല്പം ഇതു തന്നെ ആവർത്തിക്കുന്നു. എല്ലാ കല്പവും ഇതു തന്നെ ചെയ്യുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാപിതാവായ

ബാപ്ദാദയുടെ പുലർകാലവന്ദനവും സ്നേഹസ്മരണകളും. ആത്മീയ അച്ഛന്റെ ആത്മായ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുളള മുഖ്യമായ സാരം -**

1. ജീവിതത്തിന്റെ ദീർഘയാത്രയിൽ ഒരിക്കലും ക്ഷീണിക്കരുത്. മാതാപിതാവിൽ നിന്നും ഒരിക്കലും മുഖം തിരിക്കരുത്. മറ്റെല്ലാ സംഗങ്ങളും ഉപേക്ഷിച്ച് ഒരേയൊരു ബാബയിൽ ബലിയർപ്പണമായിത്തീരണം.

2. മധുരമായ വീട്ടിലേക്ക് പോകുന്നതിനു മുമ്പായി തീർച്ചയായും വികർമ്മാജീത്തായിത്തീരണം. ശ്രീമതമനുസരിച്ച് ബുദ്ധിയുടെ യാത്ര ചെയ്യണം.

## വരദാനം:- കൂടെയിരിക്കും, കൂടെ വസിക്കും.... ഈ പ്രതിജ്ഞയുടെ സ്മൃതിയിലൂടെ കമ്പൈന്റായിരിക്കുന്ന സഹജയോഗിയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളുടെ പ്രതിജ്ഞയാണ് കൂടെയിരിക്കും, കൂടെ വസിക്കും, കൂടെ പോകും.... ഈ പ്രതിജ്ഞകളെ സ്മൃതിയിൽ വെച്ച് ബാബയും താങ്കളും കമ്പൈന്റ് രൂപത്തിലിരിക്കൂ, എങ്കിൽ ഈ സ്വരൂപത്തെത്തന്നെയാണ് സഹജയോഗിയെന്ന് പറയുന്നത്. യോഗം ചെയ്യുന്നവരല്ല മറിച്ച് സദാ കമ്പൈന്റ് അതായത് കൂടെയിരിക്കുന്നവർ. അങ്ങിനെ കൂടെയിരിക്കുന്നവർ തന്നെയാണ് നിരന്തര യോഗി, സദാ സഹയോഗി, പറക്കുന്ന കലയിൽ പോകുന്ന ഫരിസ്താ സ്വരൂപരായി മാറുന്നത്.

## സ്ലോഗൻ:- ചോദ്യചിഹ്നത്തിന്റെ വളഞ്ഞ വഴി സ്വീകരിക്കുന്നതിന് പകരം മംഗളത്തിന്റെ ബിന്ദുവിടുക തന്നെയാണ് മംഗളകാരിയാകുക.